## പത്രക്കുറിപ്പ്

# യുവാവിനെ ആക്രമിച്ച് കവർച്ച നടത്തിയ രണ്ടു പ്രതികൾ പിടിയിൽ

തിരുവനന്തപുരം:- പേട്ടയിൽ യുവാവിനെ മർദ്ദിച്ച് മൊബൈൽ ഫോൺ കവർച്ച ചെയ്ത മൂന്നംഗ സംഘത്തിലെ രണ്ടു പേരെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പേട്ട പാവണ്ണറ വീട്ടിൽ ശിവേക്(20) പേട്ട കൽപ്പകശേരി ഹൗസിൽ സ്റ്റീഫൻ(21) എന്നിവരെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.

ചൊവ്വാഴ്ച പകൽ 11.45 നാണ് സംഭവം നടന്നത്. പേട്ട കാഞ്ഞിരവിളാകം ക്ഷേത്രത്തിനു സമീപത്തുള്ള എ.ടി.എം കൗണ്ടറിൽ നിന്നും പുറത്തിറങ്ങി റോഡ് ക്രോസ് ചെയ്ത് വരികയായിരുന്ന, പേട്ട അനന്തപുരി ലെയിനിൽ താമസിക്കുന്ന ജിതിനു നേരെ ഓടിയെത്തിയ മൂന്നംഗ സംഘം, ചവിട്ടി നിലത്തിട്ട് ക്രൂരമായി മർദ്ദിക്കുകയും വിലപിടപ്പുള്ള മൊബൈൽ ഫോൺ പിടിച്ചു പറിച്ചെടുത്ത് കടന്നുകളയുകയുമായിരുന്നു. ഒളിവിൽ പോയ പ്രതികളെ അന്വേഷിച്ചു വരവെ ശംഖുമുഖം അസിസ്റ്റന്റ് കമ്മീഷണർ ഡി.കെ പൃഥ്വിരാജിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പേട്ട എസ്.എച്ച്.ഒ ബിനുകുമാർ, എസ്.ഐ രതീഷ്, എ.എസ്.ഐ സാജ് രാജ്, സി.പി.ഒ മാരായ അരുൺ,



പേട്ട പോലീസ് അറസ്റ്റ് ചെയ്ത
ശിവേക് (20), സ്റ്റീഫൻ (21)

രഞ്ജിത്, ബിപിൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് 2 പ്രതികളെ ഇന്നലെ അറസ്റ്റ് ചെയ്തത് കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി

17-08-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം സിറ്റി**